**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5871.** **02.07.2019 ൽ മറുപടിയ്ക്ക്**

**മയക്കമരുന്നുകളുടെ ഉപയോഗം തടയാൻ വിമുക്തി പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിമുക്തി പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു; വിമുക്തി പ്രവർത്തന ഫണ്ടായി ത്രിതല പഞ്ചായത്തുകൾക്ക് നല്കിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; നഗരസഭ, പഞ്ചായത്ത് തലങ്ങളിൽ വിമുക്തി പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിന് പഞ്ചായത്ത് തലത്തിലും വാർഡു തലത്തിലും കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിമുക്തി പ്രവർത്തനങ്ങൾക്കായി 23,68,30,878/- രൂപ ചെലവഴിച്ചു. ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ തുക പൂർണമായും ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള അംഗങ്ങൾ മുഖേന തന്നെ നഗരസഭ, പഞ്ചായത്ത് തലങ്ങളിൽ വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നുണ്ട്. ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ മാനേജർമാരെ നിയമിച്ചിട്ടുണ്ട്. ജില്ലാതല കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് അല്ലാതെ മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റുകൾ വിമുക്തി പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നുണ്ടോ; അയ്യായിരത്തിന് താഴെമാത്രം ജീവനക്കാരുള്ള എക്സൈസ് വകുപ്പ് മാത്രം വിചാരിച്ചാൽ വിമുക്തി പ്രവർത്തനം വിജയിക്കുമോയെന്ന് അറിയിക്കുമോ; | (ബി) | ഇല്ല. മറ്റ് ഡിപ്പാർട്ടുമെന്റുകളെയും ബഹുജനസംഘടനകളെയും സഹകരിപ്പിച്ചു കൊണ്ട് വിമുക്തി പ്രവർത്തനങ്ങൾ വിജയത്തിലെത്തിക്കാൻ എക്സൈസ് വകുപ്പിന് കഴിയുന്നുണ്ട്. |
| (സി) | എക്സൈസ് വകുപ്പിലെ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരായ പ്രിവന്റീവ് ഓഫീസർമാരും സിവിൽ എക്സൈസ് | (സി) | പ്രിവന്റീവ് ഓഫീസർമാർക്കും സിവിൽ എക്സൈസ് ഓഫീസർമാർക്കും പുറമെ വകുപ്പിലെ എക്സൈസ് കമ്മീഷണർ തൊട്ട് |

| | | | |
|---|---|---|---|
| | ഓഫീസർമാരുമാണ് വിമുക്തി പ്രവർത്തനം കാര്യക്ഷമമായി ചെയ്തു വരുന്നത് എന്നിരിക്കെ, പ്രതിവർഷം രണ്ടരകോടി രൂപയിലേറെ ശമ്പളയിനത്തിൽ മാത്രം ചെലവഴിച്ച് പതിനാല് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരെ നിയമിക്കാനും അവർക്കായി ഡ്രൈവർമാരടക്കം വാഹനം അനുവദിക്കാനും ശ്രമം നടത്തുന്നതുകൊണ്ട് പ്രയോജനമുണ്ടോ എന്നറിയിയ്ക്കാമോ; | | താഴേക്കുള്ള എല്ലാ ഉദ്യോഗസ്ഥരും വിമുക്തിയുടെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഏർപ്പെടുന്നുണ്ട്. ജില്ലയിലെ താഴെത്തട്ടിലുള്ള വിമുക്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല ജില്ലാതലത്തിൽ നിർവ്വഹിക്കുന്നതിനാണ് അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർമാരുടെ പുതിയ തസ്തിക അനുവദിച്ച് വിമുക്തി മിഷന്റെ ജില്ലാ മാനേജർമാരായി നിയമിച്ചിട്ടുള്ളത്. |
| (ഡി) | പൊതുജനങ്ങളുടെ ഇടയിൽ ഇറങ്ങിച്ചെന്ന് പ്രവർത്തിക്കുന്നതിന് താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണമല്ലേ വർദ്ധിപ്പിക്കേണ്ടതെന്ന് പരിശോധിക്കുമോ; | (ഡി) | വിമുക്തി മിഷന്റെ പ്രവർത്തനങ്ങളിൽ എല്ലാ തട്ടിലുമുള്ള ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നുണ്ട്. |
| (ഇ) | കുട്ടികളുടെ ഇടയിൽ മയക്കമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പതിനെട്ട് വയസ്സിന് താഴെയുള്ള കുട്ടികൾക്കായി സർക്കാർ ഉടമസ്ഥതയിൽ പ്രത്യേക ചികിത്സ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; പല രോഗങ്ങൾക്കുമുള്ള മരുന്നുകൾ ഓൺലൈൻ വഴി വാങ്ങി മയക്കമരുന്നായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ഇ) | ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രത്യേകമായി ചികിത്സയും കൗൺസലിംഗും ആവശ്യമുള്ള കുട്ടികൾക്ക് നിലവിലുള്ള ഡി-അഡിക്ഷൻ/കൗൺസലിംഗ് സെന്ററുകൾ വഴി ഈ സൗകര്യം നൽകുന്നുണ്ട്. മരുന്നുകൾ ഓൺലൈൻ വഴി വാങ്ങി മയക്കമരുന്നായി ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | ഭിന്നശേഷിക്കാരായ കുട്ടികളെയും മുതിർന്നവരെയുമുൾപ്പെടെ ഉപയോഗിച്ച് ലഹരി വസ്തുക്കൾ വിപണനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എഫ്) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ജി) | വിമുക്തി മിഷൻ ബ്രാൻഡ് അംബാസിഡറായി നിയമിച്ച സച്ചിൻ തെൻഡുൽക്കറിനെ കേരളത്തിൽ ഏതെങ്കിലും വിമുക്തി പ്രോഗ്രാമിൽ പങ്കെടുപ്പിച്ചിട്ടുണ്ടോ; വിമുക്തിയിൽ ഏത് തരത്തിലാണ് ഇദ്ദേഹത്തെ ഉപയോഗിക്കുന്നത് എന്നറിയിക്കാമോ; ഈ സർക്കാർ അധികാരമേറ്റശേഷം വിമുക്തി മിഷൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ജി) | വിമുക്തി മിഷന്റെ ഏതെങ്കിലും പ്രോഗ്രാമിൽ അദ്ദേഹം ഇതുവരെ പങ്കെടുത്തിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ പ്രചരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്.<br>"വിമുക്തി" മിഷൻ രൂപീകരിച്ചത് ഈ സർക്കാർ അധികാരമേറ്റ ശേഷമാണ്. വിമുക്തിക്കു കീഴിൽ 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്റർ, മൂന്ന് മേഖലാ കൗൺസലിംഗ് സെന്റർ എന്നിവ പ്രവർത്തിച്ച് വരുന്നു. കൗൺസലിംഗിന് ബന്ധപ്പെടാൻ ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് ട്രെയിനിംഗ് സെന്റർ നിർമ്മാണം അവസാന ഘട്ടത്തിലാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഡി-അഡിക്ഷൻ സെന്ററിന് സ്ഥലമെടുപ്പിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ വിപുലമായ ബോധവൽക്കരണ സന്ദേശ പ്രചരണ പരിപാടികൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ